## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 4042 — 18/10/2011-ൽ മറുപടിക്ക്

### കേരാ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കിൻഫ്രായുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന കേരാ പാർക്കിന് ആവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്കിലൂടെ ഏറ്റെടുക്കുവാൻ തീരുമാനം ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മുകുന്ദപുരം താലൂക്ക് നെന്മണിക്കര, തൃക്കൂർ വില്ലേജുകളിലായി കേരാ പാർക്കിന് ആവശ്യമായ 100 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. |
| (ബി) അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുള്ള വിവരം ലഭ്യമാക്കുമോ ; | (ബി) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാർ. എൽ.എ (ജനറൽ) നെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള പ്രാരംഭ നടപടികൾ എടുത്തു വരുന്നു. |
| (സി) ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിലയിരുത്തുമോ ? | (സി) സർവ്വേ & ബൗണ്ടറീസ് ആക്റ്റ് പ്രകാരം 6(1) നോട്ടീസ് 06.08.2011-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ